## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.430 1/12/2015-ൽ മറുപടിക്ക്

## വൈദ്യുതി കരാർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എളമരം കരീം<br>,, എസ്. ശർമ്മ<br>,, കെ.വി. അബ്ദുൾ ഖാദർ<br>,, ബി.ഡി. ദേവസ്സി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ബി.എസ്.ഇ.എസ്. താപനിലയവുമായി സംസ്ഥാന വൈദ്യുതി ബോർഡ് ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി കഴിഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഈ കരാറനുസരിച്ച് വൈദ്യുതി ബോർഡ് ബി.എസ്.ഇ.എസിന് ഇതു വരെ നൽകിയ ഫിക്സഡ് ചാർജ്ജ്, വേരിയബിൾ ചാർജ് എന്നിവ എത്ര യാണെന്ന് വിശദമാക്കുമോ; | (ബ) കരാറനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ബി.എസ്. ഇ.എസ് കേരള പവർ ലിമിറ്റഡിന് 2001 നവംബർ മുതൽ 2015 സെപ്റ്റംബർ വരെ ഫിക്സഡ് ചാർജ്ജിനത്തിൽ 1263.93 കോടി രൂപയും വേരിയബിൾ ചാർജ്ജിനത്തിൽ 2649.55 കോടി രൂപയും നൽകിയിട്ടുണ്ട്. ഫിക്സഡ് ചാർജ്ജ് ലാസ്റ്റ് ഫീസ് ചാർജ്ജ് ഉൾപ്പെടെയാണ് കണക്കാക്കിയിരിക്കുന്നത്. |
| (സി) കരാർ പ്രകാരം വൈദ്യുതി ബോർഡ് ആകെ വാങ്ങിയ വൈദ്യുതി എത്രയാണ്; ഇതനുസരിച്ച് ഓരോ യൂണിറ്റ് വൈദ്യുതിക്കും വൈദ്യുതി ബോർഡിന് എത്ര രൂപ ചെലവ് വന്നിട്ടുണ്ട് ; | (സി) കരാർ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ആകെ 4255.306 മില്യൺ യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിക്ക് 9 രൂപ 19 പൈസ ചെലവ് വന്നിട്ടുണ്ട്. |

ഇ/

| | |
|---|---|
| (ഡി) കരാർ നീട്ടി നൽകുന്നതിന് തീരുമാനി ച്ചിട്ടുണ്ടോ ? | (ഡി) 20.05.2015-ൽ ചേർന്ന കെ.എസ്.ഇ. ബി.എൽ ഡയറക്ടർ ബോർഡ് യോഗം പ്രസ്തുത കരാർ രണ്ട് വർഷത്തേക്ക് കൂടി ചില നിബന്ധനകൾക്ക് വിധേയമായി നീട്ടാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയ്ക്ക് വിധേയമായിട്ടായിരിക്കും. വൈദ്യുതി വാങ്ങൽ കരാർ നീട്ടുന്ന കാര്യം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**